LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശുചിത്വ മിഷൻ മുഖേന പഞ്ചായത്തുകളിൽ ആകെ 312 പൊതു ശൗചാലയങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

(ബി&സി) ഉണ്ട്.

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)/അർബൻ സ്കീമിൽ പൊതു ശൗചാലയങ്ങൾ നിർമ്മിച്ച് നൽകിവരുന്നുണ്ട്.

ഗ്രാമപഞ്ചായത്തുകളിലെ ആധുനിക ശ്മശാനം

254 (1632) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിലെ ലെക്കിടി പേരൂർ, പൂക്കോട്ടുകാവ്, അമ്പലപ്പാറ എന്നീ ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി ആധുനിക ശ്മശാനം എവിടെയാണ് നിർമ്മിക്കുന്നത്;

(ബി) എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭ്യമാക്കിയത്;

(സി) ശ്മശാനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ കാലികസ്ഥിതി വിശദീകരിക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ ജീവനക്കാരുടെ കുറവ്

255 (1633) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിങ് ജീവനക്കാരുടെ കുറവ് നികത്താനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിംഗിൽ അസിസ്റ്റന്റ് എഞ്ചിനീയർ മാരുടെയും ഓവർസീയർമാരുടെയും നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും എല്ലാംതന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. റാങ്ക്

ലിസ്റ്റിന്റെ അഭാവത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നീ തസ്തികകളിലേയ്ക്ക് താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും 25-7-2015-ലെ സർക്കാർ ഉത്തരവ് നമ്പർ 2282/2015/ത.സ്വ.ഭ.വ. പ്രകാരം അനുമതി നൽകിയിരുന്നു. കൂടാതെ അതത് ജില്ലകളിലെ ഓവർസീയർമാരുടെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം നികത്തുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും അനുമതി നൽകിയിട്ടുണ്ട്. പ്രൊമോഷൻ വഴി നികത്തേണ്ടതായ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. ജില്ല തിരിച്ചുള്ള ഒഴിവുകളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

പദ്ധതി ചെലവ്

256 (1634) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം 31-12-2015 വരെ ചെലവഴിച്ചിട്ടുണ്ട്;

(ബി) നടപ്പു സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുമ്പുതന്നെ മുഴുവൻ തുകയും ചെലഴിക്കുന്നതിന് കഴിയുമോയെന്നറിയിക്കുമോ;

(സി) പുതിയ ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷൻമാർ, അംഗങ്ങൾ എന്നിവർക്ക് ഇതു സംബന്ധിച്ച് പരിശീലനം നൽകിയിട്ടുണ്ടോ;

(ഡി) പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) 31-12-2015 വരെ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിന്റെ 28.68% തുക ചെലവഴിച്ചിട്ടുണ്ട്.

(ബി) ചെലവഴിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പദ്ധതി രൂപീകരണം, നിർവ്വഹണം എന്നീ വിഷയങ്ങളിൽ കിലയുടെ നേതൃത്വത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാർക്കും അംഗങ്ങൾക്കും സമയബന്ധിതമായി 2 ദിവസത്തെ പരിശീലനം നൽകിക്കഴിഞ്ഞു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly